ഹയർ സെക്കന്ററി
ഡയറക്ടറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ
ശാന്തിനഗർ, തിരുവനന്തപുരം–1

**Ex-IV/CS/24881/HSE-08-09** തീയതി : 4/12/2009

# സർക്കുലർ

വിഷയം:– ഒന്നാം വർഷ ഹയർ സെക്കന്ററി പരീക്ഷ – വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ – സംബന്ധിച്ച്.

2010 മാർച്ചിലെ ഒന്നാം വർഷ ഹയർ സെക്കന്ററി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുവാൻ അർഹരായ വിദ്യാർത്ഥികളുടെ സ്കൂൾ തിരിച്ചുള്ള വിവരങ്ങൾ ഹയർ സെക്കന്ററി പോർട്ടലിൽ ലഭ്യമാണ്. റഗുലർ വിദ്യാർത്ഥികളെ സംബന്ധിച്ച് ICT Cell ലും കേരളാസ്റ്റേറ്റ് ഓപ്പൺ സ്കൂളിലും നിശ്ചിത തീയതിക്കുള്ളിൽ അറിയിച്ചിട്ടുള്ള തിരുത്തലുകൾ വരുത്തുയിട്ടുള്ള ലിസ്റ്റാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികളെ മാത്രമേ ഒന്നാം വർഷ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുവാൻ പാടുള്ളൂ. റഗുലർ സ്കൂൾ ഗോയിംഗ് വിദ്യാർത്ഥികളെ സംബന്ധിച്ച് 28–11–2009 വരെ ലഭിച്ച തിരുത്തലിനുള്ള അപേക്ഷകൾ പരിഗണിച്ചിട്ടുണ്ട്. എല്ലാ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാരും അവരവരുടെ സ്കൂളിൽ നിന്നും ഫീസടച്ച് രജിസ്റ്റർ ചെയ്തിട്ടില്ലാത്തതോ മറ്റുകാരണങ്ങളാൽ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാൻ യോഗ്യത ഇല്ലാത്തതോ ആയ വിദ്യാർത്ഥികളെ പ്രസിദ്ധീകരിച്ചിട്ടുള്ള ലിസ്റ്റിൽ നിന്നും 'UNREGISTER' ചെയ്യേണ്ടതാണ്. (അവസാന തീയതി 11–12–2009).

ഇതോടൊപ്പം 2009 (മാർച്ച്/ആഗസ്റ്റ്) ൽ ഒന്നാം വർഷ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുകയും എന്നാൽ ചില വിഷയങ്ങൾക്ക് മാത്രമായോ മൊത്തമായോ പരീക്ഷ എഴുതാതിരിക്കുകയോ ചെയ്ത വിദ്യാർത്ഥികളുടെ ലിസ്റ്റ് 7–11–2009ന് പ്രസിദ്ധീകരിക്കുന്നതാണ്. ഈ വിദ്യാർത്ഥികൾ രണ്ടാം വർഷ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യപ്പെടാൻ യോഗ്യതയില്ലാത്തവരാണ്. ഈ ലിസ്റ്റിൽ നിന്നും ഒന്നാം വർഷ സപ്ലിമെന്ററി പരീക്ഷയ്ക്ക് ഫീസടച്ച് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ വിഷയങ്ങൾ സെലക്ട് ചെയ്ത് 'REGISTER' ചെയ്യേണ്ടതാണ് (അവസാന തീയതി 11–12–2009).

പ്രസിദ്ധീകരിച്ചിട്ടുള്ള റഗുലർ വിദ്യാർത്ഥികളുടെ ലിസ്റ്റിൽ ഇനിയും തിരുത്തലുകൾ ആവശ്യമുള്ള പക്ഷം സ്കൂൾ ഗോയിംഗ് വിദ്യാർത്ഥികളെ സംബന്ധിച്ചുള്ളവ ICT Cell നേയും ഓപ്പൺ സ്കൂൾ വിദ്യാർത്ഥികളെ സംബന്ധിച്ചുള്ളവ കേരളാസ്റ്റേറ്റ് ഓപ്പൺ സ്കൂൾ സ്റ്റേറ്റ് കോർഡിനേറ്ററേയും 11–12–2009 5 PM.ന് മുമ്പായി താഴെപ്പറയുന്ന വിലാസങ്ങളിൽ അറിയിക്കേണ്ടതാണ്.

<u>റഗുലർ സ്കൂൾ ഗോയിംഗ്</u>

1. തിരുവനന്തപുരം, കൊല്ലം, എറണാകുളം : ശ്രീകുമാർ. എം.ആർ 9947783118
2. ഇടുക്കി, വയനാട്, കണ്ണൂർ, കാസർഗോഡ് : സജിത് വി.എസ്. 9895371787

1. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ : അരുൺ. കെ.ആർ 9447799278

2. പാലക്കാട്, മലപ്പുറം, കോഴിക്കോട് : സാജൻ. വൈ.ആർ 9447554975

എൻ. സുനിൽകുമാർ, കോ–ഓർഡിനേറ്റർ, ഐ.സി.റ്റി. സെൽ, IT @ School, പൂജപ്പുര, തിരുവനന്തപുരം 0471–2529855, 9447248313.

<u>ഓപ്പൺ സ്കൂൾ</u>

സ്റ്റേറ്റ് കോ–ഓർഡിനേറ്റർ
കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂൾ
പൂജപ്പുര, തിരുവനന്തപുരം
ഫോ: 0471–2348581

തിരുത്തലിനുള്ള അപേക്ഷയോടൊപ്പം താഴെപ്പറയുന്ന രേഖകൾ നിർബന്ധമായും ഉണ്ടായിരിക്കണം.

1. എസ്. എസ്. എൽ. സിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്

2. അഡ്മിഷനുവേണ്ടി സമർപ്പിച്ച ആപ്ലിക്കേഷൻ നമ്പർ (ഏകജാലക അപേക്ഷ അല്ലെങ്കിൽ കുട്ടികളുടെ വിവരങ്ങൾ വെബ്സൈറ്റ് വഴി

അപ്‌ലോഡ് ചെയ്തപ്പോൾ നൽകിയ അപേക്ഷാ നമ്പർ.

താമസിച്ചു ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

ഇപ്പോൾ നൽകിയിട്ടുള്ള രജിസ്റ്റർ നമ്പരുകളിൽ മാറ്റം വരുന്നതല്ല.

തിരുത്തലിനായുള്ള അപേക്ഷകൾ ഹയർ സെക്കന്ററി പരീക്ഷാവിഭഗത്തിൽ സ്വീകരിക്കുന്നതല്ല.

ഒപ്പ്/–
ജോയിന്റ് ഡയറക്ടർ (പരീക്ഷാവിഭാഗം)